**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5228** **21-07-2022 - ൽ മറുപടിയ്ക്ക്**

**പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീമതി ദെലീമ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** |
| (എ) | അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി കോളേജിൽ ഏതെല്ലാം കോഴ്സുകൾ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) | **അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി കോളേജിൽ താഴെ പറയുന്ന കോഴ്സുകൾ ആണ് ഉള്ളത്.**<br>• **ബിടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്**<br>• **ബിടെക് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്**<br>• **ബിടെക് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്**<br>• **എംടെക് കമ്പ്യൂട്ടർ ആൻഡ് ഇൻഫർമേഷൻ സയൻസ്** |
| (ബി) | പ്രസ്തുത കോളേജിൽ ദൂരെനിന്ന് പഠിക്കുന്ന കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം നിലവിലുണ്ടോ; | (ബി) | **സ്ഥാപനത്തിന് സ്വന്തമായി ഹോസ്റ്റൽ ഇല്ലാത്തതിനാൽ പി.റ്റി.എ.യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റൽ സൗകര്യം 21 ആൺകുട്ടികൾക്കും 40 പെൺകുട്ടികൾക്കും പ്രത്യേകമായി ഒരുക്കിയിട്ടുണ്ട്. ഇതിനായി കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്താണ് പ്രവർത്തിക്കുന്നത്.** |
| (സി) | കുട്ടികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാണോ; | (സി) | **ലഭ്യമാണ്.** |
| (ഡി) | പ്രസ്തുത കോളേജിൽ ചുറ്റുമതിൽ ഇല്ലാത്തത് സാമൂഹ്യവിരുദ്ധശല്യം വർദ്ധിപ്പിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. യിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഈ ആവശ്യം പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ